## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 552 — 27/03/2018 ൽ മറുപടിക്ക്

## ജലസമൃദ്ധിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്**<br>**ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. ആർ.രാജേഷ്**<br>**ശ്രീ. ഒ.ആർ. കേളു** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** സംസ്ഥാനത്തിന്റെ സർവതലസ്പർശിയായ വികസനം ഉറപ്പാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മിഷനുകളുടെ ഭാഗമായി ജലസംരക്ഷണത്തിനും ജലസമൃദ്ധിക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | **എ)** ഹരിതകേരളം മിഷന്റെ ജലഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടേയും കുളങ്ങളുടേയും ശുദ്ധീകരണവും റീച്ചാർജ്ജിംഗും, കുളങ്ങളുടെ നിർമ്മാണം, തോടുകളുടേയും നീർച്ചാലുകളുടേയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവും, പുഴകളുടെ പുനരുജ്ജീവനം, മുതലായ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനുപുറമേ ജനകീയ കൂട്ടായ്മ വഴിയും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേയും തൊഴിലുറപ്പ് പദ്ധതിയുടേയും ഏകോപനത്തിലൂടെയുമാണ് ഇവ നടപ്പിലാക്കുന്നത്. |
| **ബി)** തോടുകളും നീർചാലുകളും പുഴകളും പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ അറിയിക്കാമോ; | **ബി)** തോടുകളും നീർച്ചാലുകളും കുളങ്ങളും മാലിന്യമുക്തമാക്കുക, അതിർവരമ്പുകൾ നിർമ്മിച്ച് നീരൊഴുക്ക് സുഗമമാക്കുക, ജൈവ രീതികൾക്ക് പ്രാമുഖ്യം നൽകി അവയുടെ പാർശ്വ സംരക്ഷണം ഉറപ്പാക്കുക, ആവശ്യമായ ആവാഹ പ്രദേശ ഇടപെടലുകൾ നടത്തുക, സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി മണ്ണു ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ പെയ്തു വീഴുന്ന മഴവെള്ളത്തെ പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, തുടങ്ങിയവ നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം രണ്ടാം ഘട്ടമായി പുഴകളുടെ സംരക്ഷണവും ആവശ്യമായ ജലസംഭരണികളുടെ നിർമ്മിതിയും ഏറ്റെടുക്കുന്നതിനായി ശാസ്ത്രീയമായ നീർത്തടാധിഷ്ഠിത ആസൂത്രണവും ഇടപെടലുകളുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| **സി)** | ഉപമിഷന്റെ ഭാഗമായി ഒരു പഞ്ചായത്തിലെ ഒരു വാർഡ് എന്ന നിലയിൽ ആയിരം ഗ്രാമങ്ങളെ ഹരിത ഗ്രാമങ്ങളായി പ്രഖ്യാപിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | **സി)** | ജലഉപദൗത്യത്തിന്റെ ഭാഗമായി ഇപ്രകാരമുള്ള പദ്ധതികളൊന്നും തന്നെ നിലവിൽ നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ